# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1527.

12-06-2019 ൽ മറുപടിയ്ക്ക്

## വെള്ളായണിക്കായൽ പുഞ്ച സ്പെഷ്യൽ ഓഫീസർ

**ചോദ്യം**

ശ്രീ.ഒ. രാജഗോപാൽ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം വെള്ളായണിക്കായൽ പാടശേഖരം പുഞ്ച സ്പെഷ്യൽ ഓഫീസർ ആയി ആരെയാണ് നിയമിച്ചിരിയ്ക്കുന്നത്. | (എ) | തിരുവനന്തപുരം വെള്ളായണി കായൽ പാടശേഖരം പുഞ്ച സ്പെഷ്യൽ ഓഫീസർ എന്ന തസ്തിക നിലവിലില്ല. |
| (ബി) | ഈ പാടശേഖരങ്ങളിൽ കൃഷി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്; പുതിയ പദ്ധതികൾ ഏതെങ്കിലും സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ? | (ബി) | ഈ പാടശേഖരങ്ങളിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരം കർഷകർക്ക് വിത്ത്, വളം, ജൈവ കീടനാശിനി എന്നിവയ്ക്ക് ഹെക്ടറിനു 13000/- രൂപയും, ഉഴവുകൂലി ഹെക്ടറിനു 17000/- രൂപയും ധനസഹായമായി നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനായി ഹെക്ടറൊന്നിനു 5500/- രൂപയും തരിശുനില കൃഷിക്ക് ഹെക്ടറിനു 30000/- രൂപയും നൽകിവരുന്നുണ്ട്.<br>അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് RKVY, RIDF, നെൽകൃഷി വികസന പദ്ധതിയുടെ പദ്ധതിയധിഷ്ഠിത ധനസഹായം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, എന്നിവയിൽ ഏതിലെങ്കിലും ഉൾപ്പെടുത്തി ധനസഹായം നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ